പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5386 — 26.03.2018-ൽ മറുപടിക്ക്

## അന്യാധീനമാകുന്ന അന്യസംസ്ഥാനത്തുള്ള ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാനത്തിന് അവകാശപ്പെട്ട അന്യസംസ്ഥാനത്തുള്ള ഭൂമി അന്യാധീനമാകുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ. വിശദാംശം നൽകുമോ;<br><br>(ബി) സംസ്ഥാനത്തിന് അവകാശപ്പെട്ട അത്തരത്തിലുള്ള ഭൂമി നിലവിൽ ഏതൊക്കെ വകുപ്പുകളുടെ കീഴിലാണുള്ളത്;<br><br>(സി) അന്യാധീനപ്പെട്ടിട്ടുള്ള ഭൂമി തിരിച്ച് പിടിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? | (എ)<br>(ബി)<br>(സി) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള പത്മനാഭപുരം കൊട്ടാരത്തിന്റെ വളപ്പിന് പുറത്തായി ഏകദേശം 12.5 സെന്റിന്റെ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥലം കേരളം, തമിഴ് നാട് സർക്കാരുകളുടെ പ്രതിനിധികൾ ചേർന്ന് ജോയിന്റ് സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കുറ്റാലം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ബഹുമാനപ്പെട്ട മദ്രാസ് ഹൈക്കോടതി മുമ്പാകെ നിലവിലുണ്ടായിരുന്ന WP(MD) 13737/13-ാം നമ്പർ കേസ് റിമാന്റ് ചെയ്ത് തിരുനെൽവേലി ജില്ലാ റവന്യൂ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആയതിൻമേൽ യഥാസമയം സ്റ്റേറ്റ്മെന്റ് തയ്യാറാക്കി തുടർനടപടികൾ നടന്നു വരികയാണ്. |

**സെക്ഷൻ ഓഫീസർ**